"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ പാമ്പ് കടിയേറ്റ് ചികിത്സയിൽ ആയിരുന്ന ശ്രീ.കെ.സി.മധുവിന് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.253/2026/DMD തീയതി,തിരുവനന്തപുരം, 23-06-2026

---

പരാമർശം:-
1. സി.എം.ഒ പോർട്ടൽ മുഖാന്തിരം ശ്രീ.കെ.സി. മധു സമർപ്പിച്ച D251103394 നമ്പർ അപേക്ഷ.
2. സ.ഉ(കൈ)നം.4/2024/ഡി.എം.ഡി തീയതി 07.03.2024.
3. സ.ഉ(സാധാ)നം.304/2025/ഡി.എം.ഡി തീയതി 09.05.2025.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിൽ പെരിങ്ങിലിപ്പുറം വടക്കേകറ്റിയിൽ ശ്രീ.കെ.സി.മധു പാമ്പു കടിയേറ്റ് ചികിത്സയിൽ കഴിഞ്ഞിരുന്നതിനാൽ ധനസഹായം അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ബഹു. മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാരസെൽ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു. മനുഷ്യ-വന്യജീവി സംഘർഷം പരാമർശം (2) പ്രകാരം സംസ്ഥാന സവിശേഷ ദുരന്തം ആയി പ്രഖ്യാപിച്ചിരുന്നു. വന്യജീവി ആക്രമണം മൂലം പരുക്കേൽക്കുന്നവർക്ക് ദുരിതാശ്വാസ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.കെ.സി.മധുവിന് ആയുഷ്മാൻ ഭാരത് യോജനയ്ക്ക് കീഴിൽ ചികിൽസ ലഭിച്ചിട്ടില്ലെങ്കിൽ മാത്രം, പാമ്പു കടിയേറ്റു ചികിത്സയിൽ കഴിഞ്ഞിരുന്നതിന്റെ ധനസഹായമായി, 5400/- രൂപ SDRF നിന്നും, "2245-02-101-94 Flood - Other items" എന്ന ശീർഷകത്തിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. SDRF വിഹിതം ആലപ്പുഴ ജില്ലാ കളക്ടർക്ക അനുവദിക്കുന്നതിനുള്ള നടപടി ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻ്റ് റവന്യൂ ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഫിനാൻസ് ഓഫീസർ, ദുരന്ത നിവാരണ വകുപ്പ്

റവന്യൂ ഡി.ആർ.എഫ് (എ) വകുപ്പ്
വനം വന്യജീവി (ഡി) വകുപ്പ്(തുടർനടപടി സ്വീകരിക്കുന്നതിലേക്കായി)
ദുരന്ത നിവാരണ ( A3) വകുപ്പ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manu S
Date: 24-06-2026 10:23:56
സെക്ഷൻ ഓഫീസർ